**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 621** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പൊതു വിഭവങ്ങളിന്മേലുള്ള നീതിയുക്തമായ അവകാശം ഉറപ്പാക്കുന്നതിനായി ആസൂത്രണ രൂപരേഖയിൽ പ്രത്യേക ഘടക പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പട്ടികജാതി വിഭാഗങ്ങൾക്ക് പൊതുവിഭവങ്ങളിന്മേലുള്ള നീതിയുക്തമായ അവകാശം ഉറപ്പാക്കുന്നതിനായി ആസൂത്രണ രൂപരേഖയിൽ പട്ടികജാതി വിഭാഗക്കാർക്കായി പ്രത്യേക ഘടക പദ്ധതി വിഭാവനം ചെയ്ത് വരുന്നു. സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പട്ടികജാതി ഉപപദ്ധതി തയ്യാറാക്കുന്നത്. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി സംസ്ഥാന ബജറ്റിൽ ജനസംഖ്യാനുപാതികമായി തുക വകയിരുത്തുന്നുണ്ട്.

2011 സെൻസസ് പ്രകാരം സംസ്ഥാനത്തെ ആകെ പട്ടികജാതി ജനസംഖ്യ 30,39,573 ആണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ 9.1% ശതമാനമാണ്. പട്ടികജാതി വിഭാഗക്കാർക്കായി പ്രത്യേക ഘടക പദ്ധതിയിലൂടെ ആകെ സംസ്ഥാന ബജറ്റ് വിഹിതത്തിന്റെ 9.81% തുക വകയിരുത്തി വരുന്നുണ്ട്.

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനും പൊതുവികസനത്തിൽ പട്ടികവർഗ്ഗക്കാർക്ക് തുല്യത ഉറപ്പ് വരുത്തുന്നതിനുമായി പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub-Plan-TSP) ആവിഷ്കരിച്ചിട്ടുണ്ട് .

ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട ന്യായമായ വിഹിതം ഉറപ്പുവരുത്തുകയും സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിലെ വികസന വിടവുകൾ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, ഭവനം, കുടിവെള്ളം, അടിസ്ഥാന സൗകര്യ വികസനം, ഉപജീവന പദ്ധതികൾ, ഭൂവികസനം, നൈപുണ്യ വികസനം, വനിതാ ശാക്തീകരണം, തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പദ്ധതികളുടെ ആസൂത്രണത്തിലും നടപ്പാക്കലിലും വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളിലും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യവും പ്രയോജനവും ഉറപ്പു വരുത്തിയാണ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്, തങ്ങളുടെ പ്രത്യേകതകൾ ഉൾപ്പെടുത്തി ജനസംഖ്യാനുപാതികമായി ലഭ്യമാകേണ്ടിയിരുന്ന പദ്ധതി വിഹിതം ഓരോ വർഷവും വകയിരുത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിന് തങ്ങളുടെ പ്രത്യേകതകൾ ഉൾപ്പെടുത്തി ജനസംഖ്യാനുപാതത്തേക്കാൾ കൂടുതൽ പദ്ധതി വിഹിതം ഓരോ വർഷവും വകയിരുത്തി വരുന്നുണ്ട്. 2011 സെൻസസ് പ്രകാരം പട്ടികജാതി ജനസംഖ്യ കേരളത്തിലെ ആകെ ജനസംഖ്യയുടെ 9.1 ശതമാനം വരുന്നു. മുൻ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിഭാഗത്തിനായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | സംസ്ഥാന ബജറ്റ് വിഹിതം | പട്ടികജാതി ഘടക പദ്ധതി | ശതമാനം |
|---|---|---|---|
| 2021-22 | 27610 | 2708.54 | 9.81 |
| 2022-23 | 30370 | 2979.40 | 9.81 |
| 2023-24 | 30370 | 2979.40 | 9.81 |
| 2024-25 | 30370 | 2979.40 | 9.81 |
| 2025-26 | 32500 | 3188.25 | 9.81 |

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട യുവതീയുവാക്കൾക്ക് വിദേശത്തേക്കുള്ള യാത്ര ധനസഹായം വകുപ്പിൽ നിന്ന് നൽകുന്നു.

സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിലും സാമ്പത്തിക സാഹചര്യങ്ങളിലും ഉണ്ടായ മാറ്റങ്ങൾക്കനുസൃതമായി പട്ടികവർഗ്ഗ ഉപപദ്ധതികളുടെ വിഹിതത്തിൽ വർദ്ധനവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. 2011 സെൻസസ് പ്രകാരം 1.45% പട്ടികവർഗ്ഗ ജനസംഖ്യയാണ് സംസ്ഥാനത്തുള്ളത്. പദ്ധതി അടങ്കൽ വിഹിതം ജനസംഖ്യാനുപാതികമായിട്ടാണ് വകയിരുത്തി വരുന്നത്. സംസ്ഥാനത്തെ ആകെ പദ്ധതി അടങ്കലിന്റെ 2.83 ശതമാനം തുകയാണ് പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി (T S P ) വിഹിതമായി നിലവിൽ വകയിരുത്തി വരുന്നത്. 2014-15 സാമ്പത്തിക വർഷം മുതൽ ടി. എസ്. പി. വിഹിതം 2 ശതമാനത്തിൽ നിന്നും 2.83 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട് . ഇതിലൂടെ പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ഭൗതീക സാഹചര്യങ്ങൾ ലഭ്യമാകുന്നുണ്ട്.

**(സി)** ഇക്കാലയളവിൽ ഏതെങ്കിലും വർഷം പ്രസ്തുത ഘടക പദ്ധതികളിലെ വിഹിതത്തിൽ മുൻവർഷത്തേക്കാൾ ശതമാന നിരക്കിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പട്ടികജാതി വികസന വകുപ്പ് ഇക്കാലയളവിൽ ഒരു വർഷവും പ്രസ്തുത ഘടക പദ്ധതികളിലെ വിഹിതത്തിൽ മുൻവർഷത്തേക്കാൾ ശതമാന നിരക്കിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പ് വാർഷിക പദ്ധതിയിൽ ആകെ പദ്ധതി അടങ്കൽ തുക വർദ്ധിപ്പിക്കുന്നതിനുസരിച്ച് 2.83 ശതമാനത്തിൽ നിജപ്പെടുത്തി TSP വിഹിതത്തിൽ വർദ്ധനവ്

വരുത്തുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം മുതൽ ടി. എസ്. പി വിഹിതം 2 ശതമാനത്തിൽ നിന്നും 2.83 ശതമാനമായി ഉയർത്തിയതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ഫണ്ട് വകയിരുത്തി വരുന്നത്. ഇതിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം, ഭവന നിർമ്മാണം, ഉപജീവന പദ്ധതികൾ, ആരോഗ്യ പരിരക്ഷ തുടങ്ങിയ മേഖലകളിൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

**(ഡി)** പ്രസ്തുത കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി വകയിരുത്തിയിരുന്ന തുകയും ചെലവഴിച്ച തുകയും തമ്മിലുള്ള അന്തരം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** പട്ടികജാതി ഉപപദ്ധതിയുടെ 55 ശതമാനം തുക പട്ടികജാതി വികസന വകുപ്പിനും, 45 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുവദിച്ചു വരുന്നു. ഇതിൽ പട്ടികജാതി വികസന വകുപ്പിന് അനുവദിച്ച തുകയിൽ പട്ടികജാതി വികസന വകുപ്പ് മുഖന നടപ്പിലാക്കുന്ന പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | വകയിരുത്തിയ തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | അനുവദിച്ച തുകയുടെ ചെലവ് % |
|---|---|---|---|---|
| 2021-22 | 1343.89 | 1343.89 | 1265.56 | 94.17 |
| 2022-23 | 1518.6 | 1383.83 | 1295.36 | 93.61 |
| 2023-24 | 1578.6 | 1346.13 | 1257.20 | 93.39 |
| 2024-25 | 1607.18 | 1355.01 | 1331.73 | 98.28 |
| 2025-26 | 1712.60 | 1308.14 | 1233.81 | 94.32 |
| ആകെ | 7760.87 | 6737.00 | 6383.66 | 94.76 |

(സോഴ്സ് പ്ലാൻസ്പേസ്)

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കായി അനുവദിച്ച തുകയുടെ 95 ശതമാനത്തോളം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട് .

**പട്ടികവർഗ്ഗ** ഉപപദ്ധതികളുടെ ഭാഗമായി വകയിരുത്തുന്ന ഫണ്ടുകളുടെ വിനിയോഗം സംസ്ഥാനതലത്തിലും വകുപ്പുതലത്തിലും അവലോകനം ചെയ്തു വരുന്നു. പദ്ധതി നിർവഹണ പുരോഗതി, ധനവിനിയോഗം, ഭൗതിക നേട്ടങ്ങൾ എന്നിവ യഥാസമയങ്ങളിൽ വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട് .

പ്രകൃതിക്ഷോഭങ്ങൾ, കോവിഡ് മഹാമാരി എന്നിവ മൂലം ഫണ്ട് വിനിയോഗത്തിൽ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, അനുവദിച്ച തുക പരമാവധി ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ധനവ്യയനിയന്ത്രണങ്ങൾ മൂലം അനുവദിക്കുന്ന ഫണ്ടുകൾ കൃത്യമായി ചെലവഴിക്കുന്നതിന് സർക്കാർ തലത്തിൽ പ്രത്യേക അവലോകന യോഗങ്ങൾ കൂടി പദ്ധതിയുടെ കാര്യക്ഷമത ഉറപ്പ് വരുത്തി പദ്ധതി പൂർത്തീകരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്.

**(ഇ)** ദുർബലജനവിഭാഗങ്ങൾക്ക് പൊതുവിഭവങ്ങളിലെ അവകാശം നിഷേധിക്കാതിരിക്കുന്നതിനും സാമ്പത്തിക പങ്കാളിത്തം അവർക്ക് അനുഭവവേദ്യമാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് അറിയിക്കാമോ?

**മറുപടി:** പട്ടികജാതി വിഭാഗത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് പൊതുവിഭവങ്ങളിലെ അവകാശം നിഷേധിക്കാതിരിക്കുന്നതിനും, സാമ്പത്തിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വിവിധങ്ങളായ പരിപാടികൾ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

പട്ടികജാതി വിഭാഗക്കാർക്ക് സ്വയം തൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സബ്സിഡി നൽകി വരുന്നു. പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട യുവതീയുവാക്കൾക്ക് വിദേശത്തേക്കുള്ള യാത്രക്ക് ധനസഹായം നൽകുന്നു.

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് അഭിഭാഷകനായി പരിശീലനം ചെയ്യുന്നതിനുള്ള ധനസഹായം അനുവദിക്കുന്നു. ഐ.റ്റി.ഐ. , ഡിപ്ലോമ, എഞ്ചിനീയറിംഗ് ഡിഗ്രി പാസ്സായവർക്ക് അപ്രന്റീഷിപ്പ്, ഐ.റ്റി.ഐ കളിൽ വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തീകരിക്കുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ടൂൾ കിറ്റ് നല്കുന്നു.

വിദ്യാസമ്പന്നരായ പട്ടികജാതിയിൽപ്പെട്ട യുവതിയുവാക്കൾക്ക് തൊഴിൽ നേടുന്നതിന് പ്രയോഗിക പരിജ്ഞാനം ലഭ്യമാക്കുന്നതിന് വകുപ്പ് മുഖേന ട്രേസ് പദ്ധതി നടപ്പിലാക്കുന്നു.

പട്ടികജാതി വിഭാഗത്തിലെ നിലവിലെ സംരംഭകർക്ക് 20% വരെ വായ്പ സബ്സിഡി നൽകുന്ന സമൃദ്ധി കേരളം പദ്ധതി പട്ടികജാതി വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നു.

കേരളത്തിലെ പട്ടികജാതി ജനവിഭാഗങ്ങളുടെ ക്ഷേമത്തിൽ നിന്നും അവരുടെ ശാക്തീകരണത്തിന് ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികളിലാണ് പട്ടികജാതി വികസന വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ദുർബല ജനവിഭാഗങ്ങളായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പൊതുവിഭവങ്ങളിലും പൊതുസേവനങ്ങളിലും തുല്യമായ അവകാശം ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി വിദ്യാഭ്യാസം, ആരോഗ്യം, ഭവനം, കുടിവെള്ളം, അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ, ഉപജീവന സുരക്ഷ, ഭൂവകാശ സംരക്ഷണം, സാമൂഹിക സുരക്ഷ, വനിതാ-ശിശു ക്ഷേമം തുടങ്ങിയ മേഖലകളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, വിവിധ വകുപ്പുകളുടെ പദ്ധതികളിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും വികസനത്തിന്റെ പ്രയോജനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

സാമൂഹിക നീതിയും സമത്വവും ഉറപ്പുവരുത്തുക, വികസന വിടവുകൾ കുറയ്ക്കുക, പൊതുമേഖലകളിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുക, പട്ടികവർഗ്ഗ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വിവിധ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**